പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2784 — 10/03/2017-ൽ മറുപടിക്ക്

## എയ്ഡഡ് സ് കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ നിയന്ത്രണം

**ചോദ്യം**

ശ്രീ. റോജി എം. ജോൺ:

(എ) 1979 മെയ് 22 ന ശേഷം പുതിയതായി തുടങ്ങിയതോ, അപ്ഗ്രേഡ് ചെയ്യുന്നതോ ആയ സ്കൂളുകളിൽ ഭാവിയിൽ വരുന്ന എല്ലാ ഒഴിവുകളും അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തണമെന്ന വ്യവസ്ഥ പ്രകാരം 2017-18 അധ്യയനവർഷം എത്ര അദ്ധ്യാപകരെ നിയമിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) 1979 ന് മുമ്പ് നിലവിൽ വന്ന സ്കൂളുകളിലുള്ള രണ്ടു അധിക തസ്തികകളിൽ ഒന്നിലേക്ക് അധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തണമെന്ന വ്യവസ്ഥ പ്രകാരം 2017-18 അധ്യയനവർഷം എത്ര അദ്ധ്യാപകരെ അധ്യാപക ബാങ്കിൽ നിന്നും നിയമിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായുള്ള കെ. ഇ. ആർ. ഭേദഗതിക്കെതിരെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) യും (ബി) യും — 2017 ജൂൺ മാസം സ്കൂൾ തുറന്നതിനുശേഷമുള്ള ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി 2017-18 അധ്യയന വർഷത്തെ തസ്തികനിർണ്ണയം നടത്തിയതിനുശേഷം മാത്രമേ നിയമിക്കേണ്ട അദ്ധ്യാപകരുടെ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ